# 57

# “എന്റെ ജനമേ, അവളെ വിട്ട് പോരുവിൻ”

## (18:4, 5, 8, 10)

ദൈവത്തിന്റെ വീണ്ടെടുപ്പ് പദ്ധതിയിൽ വിളിക്കുന്നവരെ വേർപെടുത്തുന്ന പ്രവൃത്തി ചരിത്രത്തിലുടനീളം കാണാം. ദൈവം അബ്രഹാമിന് കൊടുത്ത കൽപനയോടുകൂടിയാണ് യെഹൂദവംശം ആരംഭിക്കുന്നത്. “ഞാൻ നിന്നെ ... കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോക” ([ഉലൽപത്തി] 12:1).”[1]

“വിട്ട് പോരുവിൻ” എന്ന വെല്ലുവിളി ബൈബിളിൽ ഉടനീളം കാണാം. ദൂതൻ ലോത്തിനോടും കുടുംബത്തോടും സോദോമിൽനിന്ന് ഓടിപ്പോകുവാനാണ് പറഞ്ഞത് (ഉൽപത്തി 19:12, 13). മൽസരികളായ കോരഹിന്റേയും കൂട്ടരുടേയും പാളയത്തിനടുത്തുനിന്നു മാറി പോകുവാനും, “അവരുടെ യാതൊന്നും തൊടരുതെന്നും മോശെ യിസ്രായേൽ മക്കളോട് കൽപിച്ചിരുന്നു” (സംഖ്യാപുസ്തകം 16:26). യെശയ്യാവ് യിസ്രായേല്യരോട് കൽപിച്ചു, “വിട്ടുപോരുവിൻ, വിട്ടുപോരുവിൻ, അതിന്റെ നടുവിൽനിന്ന് പുറപ്പെട്ടു പോരുവിൻ, അശുദ്ധമായതൊന്നും തൊടരുത്” (യെശയ്യാവ് 48:20; 52:11). യിരെമ്യാവും അത് തന്നെ പറഞ്ഞു: “ബാബേലിന്റെ നടുവിൽനിന്ന് ഓടി ഓരോരുത്തരും താന്താന്റെ പ്രാണനെ രക്ഷിച്ചുകൊൾവിൻ” “നിങ്ങൾ അതിന്റെ അകൃത്യത്തിൽ നശിച്ചുപോകരുത്” (യിരെമ്യാവ് 51:6). പുതിയ നിയമത്തിൽ പൗലൊസും വേർപെട്ടിരിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു: “ആകയാൽ, അവരുടെ നടുവിൽനിന്ന് വേർപ്പെട്ടിരിപ്പിൻ’ എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. ‘അശുദ്ധമായത് ഒന്നും തൊടരുത്; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊള്ളും’ ” (2 കൊരിന്ത്യർ 6:17).

ആകയാൽ വെളിപ്പാട് 18-ൽ, ബാബിലോനെ നശിപ്പിക്കുവാനായി ദൂതൻ കാത്തിരുന്നപ്പോൾ നൽകിയ നിർദ്ദേശം സുപരിചിതമായിരുന്നു:

> എന്റെ ജനമായുള്ളോരെ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും, അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ “അവളെ വിട്ടു പോരുവിൻ. അവളുടെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു; അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ട്” (വാ. 4, 5).

ആ വാക്യങ്ങളെ പരാമർശിച്ച്, ലിയോൺ മോറിസ് എഴുതി, “ദൈവജനത്തെ വിളിക്കുന്നത് വളരെ ഉയർന്ന പ്രാധാന്യമുള്ള ഒരു വിളിയാണ് ... ഒരർത്ഥത്തിൽ അദ്ധ്യായത്തിന്റെ മുഴുവൻ താക്കോൽ ആണ് ഈ അപേക്ഷ.”[2] ഈ പ്രബോധനത്തിന്റെ പ്രാധാന്യം കൂടുതൽ മനസിലാക്കുവാൻ നാം പല ചോദ്യങ്ങൾ അതിനെ കുറിച്ച് ചോദിക്കേണ്ടതായിട്ടുണ്ട്.

### എന്ത്?

ആദ്യം, “വിട്ടു പോരുവിൻ” എന്ന വെല്ലുവിളിയിൽ കൃത്യമായി എന്താ

ണുള്ളത്? ചില ഉദാഹരണങ്ങൾ നാം നോക്കിയതിൽ, അക്ഷരികമായി ചില പ്രത്യേക സ്ഥലങ്ങൾ ഉപേക്ഷിക്കുവാനാണ് നിർദ്ദേശിച്ചത് (ഉൽപത്തി 12:1, 4). പലപ്പോഴും, ചില പ്രദേശത്തെ നശിപ്പിക്കുമ്പോൾ, ദൈവജനം ആ നാശത്തിൽ ഉൾപ്പെടാതിരിക്കേണ്ടതിനാണ് അവിടെനിന്നു മാറുവാൻ ആവശ്യപ്പെടുന്നത്. ലോത്തിന്റെ കാര്യത്തിൽ, അവനും അവന്റെ കുടുംബവും അവിടെനിന്നും മാറിയില്ലായിരുന്നുവെങ്കിൽ സോദോമിനേയും ഗൊമോരയേയും നശിപ്പിച്ചപ്പോൾ നശിച്ചുപോകുമായിരുന്നു (ഉൽപത്തി 19:12, 13). മൽസരികളായ കോരഹിന്റേയും അവന്റെ കൂട്ടുകാരുടേയും പാളയത്തിനടുത്തുണ്ടായിരുന്നവരും ഭൂമി വിഴുങ്ങിയവരുടെ കൂട്ടത്തിൽ താണുപോയി (സംഖ്യാപുസ്തകം 16:23–34).

പുതിയ നിയമത്തിൽ അത്തരം "ഒരു വിട്ടുപോരൽ" യെരുശലേമിനെ കുറിച്ച് സംസാരിച്ചപ്പോൾ യേശു പറഞ്ഞു "എന്നാൽ ശൂന്യമാക്കുന്ന മ്ലേഛത നിൽക്കരുതാത്ത സ്ഥലത്ത് നിൽക്കുന്നത് നിങ്ങൾ കാണുമ്പോൾ (നഗരത്തിനു ചുറ്റും റോമൻ സൈന്യം വളയുമെന്ന അപോകാലിപ്റ്റിക്ക് സൂചന), അന്ന് യെഹൂദ്യയിലുള്ളവർ മലകളിലേക്ക് ഓടി പോകട്ടെ" (മർക്കൊസ് 13:14). തങ്ങളുടെ നഗരത്തിന്റെ വിധി നടന്നപ്പോൾ, യെഹൂദ ക്രിസ്ത്യാനികൾ പെല്ലായിലേക്ക് ഓടി പോയി എന്നാണ് ചരിത്രകാരന്മാർ പറയുന്നത്.

അതുകൊണ്ട്, വെളിപ്പാട് 18:4 ലെ അഭ്യർത്ഥനയിൽ ക്രിസ്ത്യാനികൾ ശാരീരികമായി തന്നെ നഗരം വിട്ടു പോകേണ്ടതും ഉൾപ്പെട്ടിരുന്നു. അവർ തങ്ങളെ തന്നെ അതിൽനിന്ന് ഒഴിവാക്കണമെന്ന് ബോധ്യമാകുമ്പോൾ, അല്ലെങ്കിൽ - നഗരം നശിപ്പിക്കുന്നതിനു മുമ്പ് - അവർക്ക് രക്ഷപ്പെടുവാനുള്ള സമയമായിരുന്നു.

എങ്ങനെയായാലും, പലപ്പോഴും, "വിട്ടുപോരുവിൻ" എന്ന കൽപന ആ പ്രദേശത്തിന്റെ സ്വാധീനത്തിന് ഇരയാകാതിരിക്കേണ്ടതിനായിരുന്നു. ബാബേലിൽ നിന്നു പുറത്തുകടക്കുവാൻ യെശയ്യാവും യിരെമ്യാവും പറഞ്ഞത് അക്കാരണത്താലായിരുന്നു: ബാബേലിലേക്ക് പിടിച്ചുകൊണ്ടുപോയ ചിലർ തങ്ങളുടെ വേർ അവിടെ സ്ഥാപിക്കുവാൻ തുടങ്ങിയിരുന്നു. അവർ ജാതികളുടെ സമ്പ്രദായങ്ങളിലേക്ക് ലയിക്കുവാൻ ശ്രമിച്ചുതുടങ്ങിയിരുന്നു. തങ്ങളുടെ തത്വങ്ങൾ ബലികഴിച്ച് ലൗകികതയിലേക്ക് പ്രവേശിക്കുവാനൊരുങ്ങി; അവർ "ജീവിക്കുവാനും, ജീവിക്കുവാൻ അനുവദിക്കുകയും"[3] ചെയ്തു തുടങ്ങി. അതുകൊണ്ട്, പ്രവാചകന്മാർ അവരോട് "വിട്ടുപോരുവിൻ" എന്ന് നിലവിളിച്ചുപറഞ്ഞു - മറ്റൊരു വാക്കിൽ പറഞ്ഞാൽ, ബാബേലിന്റെ മ്ലേഛമായ വഴി പിന്തുടരരുത്.

അതായിരുന്നു 2 കൊരിന്ത്യർ 6-ൽ പൗലൊസിന്റേയും ആഹ്വാനം. ഒരിക്കൽ വിട്ടുകളഞ്ഞ പാപപങ്കിലമായ വഴികൾ വീണ്ടും സ്വീകരിക്കാതിരിക്കേണ്ടതിനാണ് പൗലൊസ് അഭ്യർത്ഥിച്ചത്:

> നിങ്ങൾ അവിശ്വാസികളോട് ഇണയില്ലാപിണ കൂടരുത്; നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തോരു ചേർച്ച? വെളിച്ചത്തിന് ഇരുളോട് എന്തു കൂട്ടായ്മ? ക്രിസ്തുവിന്നും ബിലെയാലിന്നും തമ്മിൽ എന്തു പൊരുത്തം? അല്ല, വിശ്വാസിക്ക് അവിശ്വാസിയുമായി എന്തു ഓഹരി? ദൈവാലയത്തിന് വിഗ്രഹങ്ങളോട് എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലൊ. "ഞാൻ അവരിൽ വസിക്കയും അവ

> രുടെ ഇടയിൽ നടക്കയും ചെയ്യും. ഞാൻ അവർക്ക് ദൈവവും അവർ എനിക്ക് ജനവും ആകും." എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നുവല്ലൊ. "അവരുടെ നടുവിൽനിന്നു പുറപ്പെട്ട് വേർപ്പെട്ടിരിപ്പിൻ" എന്നു കർത്താവ് അരുളിച്ചെയ്യുന്നു; "അശുദ്ധമായത് ഒന്നും തൊടരുത്, ..." (2 കൊരിന്ത്യർ 6:14–17)

വെളിപ്പാട് 18:4 ന്റെ പ്രാഥമികമായ ലക്ഷ്യവും അതായിരുന്നു: ക്രിസ്ത്യാനികൾ വൈകാരികമായും, ശാരീരികമായും, ആത്മികമായും "ബാബിലോൻ വിട്ടു" പോകണമായിരുന്നു. ബാബിലോൻ വിട്ടു പോരുക എന്നാൽ അവളുടെ പാപത്തിൽ പങ്കുകാരാകാതിരിക്കുക എന്നാണ്, "അവളുടെ പാപങ്ങളിൽ പങ്കുകാരാകാതിരിക്കുക എന്നാൽ, അവളുടെ വശീകരണത്തിൽ മോഹിക്കപ്പെട്ട് കുടുങ്ങാതിരിക്കുക,"[4] എന്നാണ് വില്യം ഹെന്റ്രിക്സൺ പറഞ്ഞത്. "ബാബിലോൺ വിട്ടു പോരുക" എന്ന് പറയുന്നത് "ക്രിസ്ത്യാനികൾ ലോകത്തിൽ നിന്ന് വിട്ടു നിൽക്കേണ്ട ആവശ്യത്തെ" ആണ് പറയുന്നതെന്ന് വില്യം ബാർക്ലെ പറഞ്ഞു.[5]

"ലോകത്തിൽ നിന്ന് വേർപെടുക" അല്ലെങ്കിൽ "ലോകത്തിൽ നിന്ന് അകന്നു നിൽക്കുക" എന്നതിനു നാം മറ്റൊരു പ്രതലത്തിലേക്ക് മാറണമെന്നോ അല്ലെങ്കിൽ ആശ്രമത്തിലേക്ക് നീങ്ങണമെന്നോ അർത്ഥമില്ല. ലോകത്തി*ലാണെ*ങ്കിലും, "ലോകത്തി*നുള്ള*വരല്ല" എന്ന് യേശു തന്റെ ശിഷ്യന്മാരെക്കുറിച്ച് പറഞ്ഞു (യോഹന്നാൻ 17:14–18; എംഫസിസ് മൈൻ). "വേർപെടുക" എന്നാൽ, നമ്മുടെ മൂല്യങ്ങളും നിലവാരങ്ങളും ലോകത്തിന്റേതാകുവാൻ നാം അനുവദിക്കരുത്. ബാർക്ലെ നിരീക്ഷിച്ചു, "ലോകത്തിൽ നിന്ന് പിൻ വലിയുകയല്ല, പിന്നെയോ ലോകത്തിൽ തന്നെ വ്യത്യസ്തമായി ജീവിക്കുകയാണ് വേണ്ടത്."[6] മെറിൽ സി. റ്റെന്നി പറഞ്ഞു, "നിഗളത്തോടെ വിശ്വാസികൾ മറ്റുള്ളവരുമായി ബന്ധപ്പെടാതിരിക്കുവാനല്ല ദൈവവിളി സൂചിപ്പിക്കുന്നത്, അല്ലെങ്കിൽ അവർ മറ്റുള്ളവരെക്കാൾ വിശുദ്ധരാണെന്നുള്ള മനോഭാവം ഉണ്ടാകുവാനുമല്ല. അവർ വ്യത്യാസമുള്ളവരാകുവാനാണ് ആഗ്രഹിക്കുന്നത്."[7]

പുതിയനിയമത്തിൽ വ്യക്തമായി പഠിപ്പിക്കുന്നത് എന്തെന്നാൽ, ക്രിസ്ത്യാനികൾ വേറിട്ട് വ്യത്യസ്തരായിരിക്കണം എന്നാണ്. പുതിയ നിയമത്തിൽ, വെളിപ്പാടിൽ അടക്കം, വിശ്വാസിയെ വിളിച്ചിരിക്കുന്നത് "വിശുദ്ധൻ," എന്നാണ്.[8] അത് സൂചിപ്പിക്കുന്നത് വിശുദ്ധമായ ഉദ്ദേശത്തിനായി "വേർപെട്ടിരിക്കുവാനാണ്."[9] യേശുവിനോട് ഒരു പുതിയ ബന്ധത്തിനായി "വിളിച്ചു വേർതിരിക്കപ്പെട്ട" കൂട്ടമാണ് ഗ്രീക്കിൽ നിന്ന് തർജ്ജിമചെയ്ത "സഭ " എന്ന വാക്ക്.[10] യാക്കോബ് വ്യക്തമായി എഴുതി, "... ലോകസ്നേഹം ദൈവത്തോട് ശത്രുതയാകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായി തീരുന്നു" (യാക്കൊബ് 4:4). റ്റെന്നി എഴുതി:

> ഒരു ക്രിസ്ത്യാനി തന്റെ താൽപര്യങ്ങളും, പ്രവർത്തികളും, ലക്ഷ്യങ്ങളും അ-ക്രൈസ്തവരുടേതുമായുള്ള വ്യത്യാസം തിരിച്ചറിയണം ...
>
> ... ലോകം ഒരു ദാസനാണ് അല്ലാതെ യജമാനനല്ല; ഒരു പരിതസ്ഥിതിയാണ്, അല്ലാതെ ഉറപ്പിക്കാവുന്ന നിലവാരമല്ല; ഒരു ശത്രുവാണ്, അല്ലാതെ മിത്രമല്ല. ഒരു ക്രിസ്ത്യാനി ലോകത്തിൽ സാക്ഷിയാവുകയാണ്

> ചെയ്യേണ്ടത് അല്ലാതെ ലോകത്തിന്റെ ആശയങ്ങളും ഉപയോഗങ്ങളും അനുകരിക്കുകയല്ല വേണ്ടത്.[11]

പൗലൊസ് വെല്ലുവിളിച്ചു, "ഈ ലോകത്തിന് അനുരൂപപ്പെടാതെ, മനസ് പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമർ 12:2).

ലോകത്തിന്റെ മൂല്യവ്യവസ്ഥയിൽനിന്നും, അവളുടെ നിലവാരത്തിൽനിന്നും, അവളുടെ കാഴ്ച്ചപ്പാടിൽനിന്നും നാം "പുറത്തു വരണം." "സദാചാരം കെടുത്തുന്ന" [തായ] മോശമായ കൂട്ട് നാം ഒഴിവാക്കണം (1 കൊരിന്ത്യർ 15:33). ലോകത്തിലെ ദുരുപദേശങ്ങളിൽനിന്നു നാം "പുറത്തു കടക്കണം" (റോമർ 16:17, 18; 2 യോഹന്നാൻ 9–11).

എങ്ങനെയായാലും, "പുറത്തു പോരുവിൻ" എന്ന കൽപന മുഴുവനായും നിഷേധസൂചകമല്ല. നാം ബാബേലിൻനിന്നു "*പുറത്തു* വരുന്നത്" ദൈവത്തി*ലേക്ക്* വരുന്നതിനാണ് (യിരെമ്യാവ് 3:22 നോക്കുക). ക്രിസ്ത്യാനികൾ "ബാബിലോന് ഉള്ളവരല്ല, ദൈവത്തിനുള്ളവരാണ്. അവർ തെറ്റിനല്ല, സത്യത്തിനാണ് സമർപ്പിക്കപ്പെടേണ്ടത്; തലതിരിയുന്നതിനല്ല, മറിച്ച് നിർമ്മലതക്കാണ്; സൗകര്യത്തിനുപകരം ദൈവേഷ്ടത്തെയാണ് മാനിക്കേണ്ടത്."[12] നമ്മുടെ ജീവിതങ്ങളെ കുറിച്ചുള്ള ദൈവത്തിന്റെ ആഗ്രഹത്തെ കുറിച്ചുള്ള ഒരു ഗീതത്തിന്റെ രണ്ടാമത്തെ വാക്യം പറയുന്നു:

> ലോകത്തിലെ വ്യർത്ഥമായ സ്വർണ്ണക്കടയിലെ ആരാധനയിൽനിന്നു
> ദൈവം നമ്മെ വിളിക്കുന്നു;
> ഓരോ വിഗ്രഹത്തിൽനിന്ന് ക്രിസ്ത്യാനികളോട് പറയുന്നു,
> "*എന്നെ അധികമായി സ്നേഹിക്ക്.*"[13]

നാം കർത്താവിന്റെ ആഹ്വാനമായ "അവരുടെ നടുവിൽനിന്നു മാറി വേർപ്പെട്ടിരിപ്പിൻ" എന്നത് പാലിച്ചാൽ അവന്റെ വാഗ്ദാനം "ഞാൻ നിങ്ങളെ കൈക്കൊള്ളുകയും, ഞാൻ നിങ്ങൾക്ക് പിതാവും നിങ്ങൾ എനിക്ക് പുത്രന്മാരും പുത്രിമാരും ആയിരിക്കും" (2 കൊരിന്ത്യർ 6:17, 18) എന്നത് പാലിക്കപ്പെടും.

ബാബിലോൻ പൗരനാകണോ അതോ സ്വർഗീയ പൗരനാകണോ എന്ന് ഓരോ വ്യക്തിയുമാണ് തീരുമാനിക്കേണ്ടത്.[14]

## എന്തുകൊണ്ട്?

"എന്തുകൊണ്ടാണ് യോഹന്നാന്റെ വായനക്കാർ ബാബിലോനിൽനിന്ന് വിട്ടുപോരേണ്ടത്?"[15] എന്നതാണ് രണ്ടാമത്തെ ചോദ്യം. അസംഖ്യം കാരണങ്ങൾ പറയുവാൻ കഴിയും, എന്നാൽ നമ്മുടെ വേദഭാഗത്ത് രണ്ടെണ്ണം നൽകിയിട്ടുണ്ട്: ഒന്ന്, ദൂതൻ അവരോട് "അവളുടെ പാപങ്ങൾക്ക് ഓഹരിക്കാരാകാതിരിപ്പാൻ" നഗരം വിട്ടുപോകുവാൻ പറഞ്ഞു, നാം സമ്മതിച്ചാലും ഇല്ലെങ്കിലും, പാപത്തിന് ചില ആകർഷണങ്ങളുണ്ട്. മഹാ സർപ്പത്തിന്റെ സ്വാധീനത്തെ നാം വിലകുറച്ചു കാണരുത് എന്ന് മൈക്കിൾ വിൽക്കോക്ക് പറഞ്ഞു:

> 17:4 ലെ വശ്യത നമ്മെ ഭയവിഹ്വലരാക്കിയേക്കാം – "എത്ര നിസാരം, എത്ര ഗുണശൂന്യം!" – അതാണ് നമ്മിൽനിന്ന് നാം പ്രതീക്ഷിക്കുന്നതെന്ന്

> വിചാരിക്കുന്നു. എന്നാൽ, പരിശീലനത്തിൽ, ദൈനന്തിനജീവിതത്തിൽ, മുത്തുകളും കടുഞ്ചുവപ്പും, പൊന്നുകൊണ്ടുള്ള പാനപാത്രവും നമ്മെ ആകർഷിച്ചുകൊണ്ടിരിക്കും.[16]

നിങ്ങളും ഞാനും ലോകത്തിന്റെ കാഹളധ്വനിയോട് പറ്റിച്ചേരുവാൻ പരീക്ഷിക്കപ്പെടുമെങ്കിൽ, ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ വളരെയധികം ആയിരിക്കും. "ഉപദ്രവിക്കപ്പെട്ട സഭ എപ്പോഴും ലൗകികതയോട് വിട്ടുവീഴ്ച്ച ചെയ്യുവാൻ പരീക്ഷിക്കപ്പെടുകയും അങ്ങനെ ശത്രുതയുള്ള പരിതസ്ഥിതിയെ ലഘുവാക്കുകയും ചെയ്യാമായിരുന്നു."[17] മോറിസ് പറഞ്ഞു, "ഉപദ്രവിക്കപ്പെട്ട് ഭീഷണിയിലായ ദൈവജനം നഗര രീതിയെ അനുകരിക്കുവാനാണ് പരീക്ഷിക്കപ്പെട്ടത്. അപ്പോൾ അവർക്ക് എതിരെയുള്ള ഉപദ്രവം നിൽക്കുക മാത്രമല്ല, നഗരം അവർക്ക് ധനവും ആശ്വാസവും നൽകുമായിരുന്നു."[18]

"ബാബിലോന്റെ ആചാരത്തോട് വിട്ടുവീഴ്ച്ച ചെയ്യുവാൻ ചില ക്രിസ്ത്യാനികളെങ്കിലും തയ്യാറായിക്കാണുവാൻ, സാധ്യതയുണ്ട്."[19] പ്രശ്നങ്ങളെ അവർ മനസിലാക്കിയിരുന്നു എന്നതാണ് പ്രധാന കാര്യം. ബാബിലോന്റെ പാപങ്ങളിൽ അവർ പങ്കുകാരായാൽ ദൈവജനം എന്ന അവകാശം നഷ്ടപ്പെടുത്തുകയായിരിക്കും ചെയ്യുന്നത്. പൗലൊസ് പറഞ്ഞു, "ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്" (എഫെസ്യർ 5:11), പിന്നെയും പറയുന്നു, "അന്യന്മാരുടെ പാപങ്ങളിൽ ഓഹരിക്കാരനാകയുമരുത്" (1 തിമൊഥെയൊസ് 5:22; എൻഐവി).

ബാബിലോന്റെ പാപങ്ങളിൽ അവർ ഓഹരിക്കാരായാൽ അവരുടെ നാശത്തിനും ഓഹരിക്കാരാകുമെന്നതാണ് മറ്റൊരു അനന്തരഫലം: അവളിൽനിന്ന്, ''വിട്ടുപോരുവിൻ'' എന്നു പറയുവാനുള്ള രണ്ടാമത്തെ കാരണം, അവൾക്ക് വരുന്ന, "ബാധകൾ നിങ്ങളെ ബാധിക്കാതിരിക്കേണ്ടതിനായിരുന്നു". "ആ ബാധകളെ കുറിച്ച് വാക്യം 8 പറയുന്നു: അതുനിമിത്തം മരണം, ദുഖം ക്ഷാമം എന്നിങ്ങനെ അവളുടെ ബാധകൾ ഒരു ദിവസത്തിൽ തന്നെ വരും, അവളെ തീയിൽ ഇട്ടു ചുട്ടുകളയും." റോമിന്റെ വിധി തീർച്ചയുള്ളതാണെന്ന് അദ്ധ്യായം 18 പറയുന്നു. അവൾ നശിപ്പിക്കപ്പെടും. അവൾക്ക് നേരിടുന്ന വിധി ഒഴിവാക്കുവാൻ ക്രിസ്ത്യാനികൾ, അവളുടെ വഴി തെറ്റിക്കുന്ന വശ്യതയെ പ്രതിരോധിക്കണം.

ഇന്ന്, ഇപ്പോഴും ലോകം, ക്ഷണികമായതിനെ സ്ഥിരമാണെന്നും, യാദൃച്ഛികം ആവശ്യമാണെന്നും, അശ്ലീലം ഉപദ്രവരഹിതമാണെന്നും ഉള്ള "ഇന്ദ്രജാലം" കാണിച്ച് ആളുകളെ മയക്കിക്കൊണ്ടിരിക്കുന്നു. ഞാൻ സമ്മതിക്കുവാൻ ആഗ്രഹിക്കുന്നതിലധികം ലോകം എന്നെ സ്വാധീനിച്ചുകൊണ്ടാണിരിക്കുന്നത്. പാപികളെ മുന്നറിയിക്കുമ്പോൾ ഞാൻ വെട്ടിത്തുറന്നു പറയാറില്ല; ഞാൻ "വസ്തുക്കളുമായി" ചേർന്നിരിക്കുന്നു. റോമിനെ പോലെ നാം ലോകത്തോട് ചേരുമ്പോൾ - ഞാൻ ഓർക്കണം - നിങ്ങളും ഓർക്കണം, നാശത്തിലേക്കാണ് പോകുന്നത്, കാരണം "ലോകം ഒഴിഞ്ഞുപോകും" (1 യോഹന്നാൻ 2:17). നാം ശ്രദ്ധിക്കേണ്ടതിന് വെളിപ്പാട് 18 ഒരു അറിയിപ്പ് നൽകുന്നു. ഹെൻഡ്രിക്സൺ ഊന്നി പറഞ്ഞു,

> ... സുഖം-ഭ്രാന്ത്, ഗർവ്വമുള്ള ലോകം, അതിന്റെ വഴിതെറ്റിക്കുന്ന സുഖഭാഗവുംആഡംബരവും, അതിന്റെ എതിർക്രിസ്തുവിന്റെ തത്വവും ആചാ

രവും, എമ്പാടുമുള്ള ദൈവത്തെ ഉപേക്ഷിച്ച പുരുഷാരവും ജഡത്തി ന്റേയും മനസിന്റേയും ഇഛയനുസരിച്ച് ജീവിച്ചവരും നശിച്ചുപോകും.[20]

വെളിപ്പാടിന്റെ ആദ്യവായനക്കാർക്കെന്ന പോലെ എനിക്കും അതിലെ ഇരട്ട മുന്നറിയിപ്പ് ആവശ്യമാണ്. എനിക്ക് ദൈവത്തിന്റെ ആനുകൂല്യം ലഭി ക്കണമെന്നുണ്ടെങ്കിൽ, ഞാൻ, “മാറി വേർപ്പെട്ടിരിക്കണം.” ദൈവകോപം എന്നിൽ വരാതിരിക്കേണ്ടതിന്, ഞാൻ എന്നെ പാപത്തിന്റെ വലയിൽ കുടു ങ്ങുവാൻ അനുവദിക്കരുത്.

ഞാൻ വെല്ലുവിളി നേരിടുമ്പോൾ, എനിക്ക് സങ്കീർത്തനക്കാരനെപോലെ ഇങ്ങനെ നിലവിളിക്കുവാനേ കഴിയു, “ദൈവമേ എന്നോട് അകന്നിരിക്കരുതേ, എന്റെ ദൈവമേ എന്നെ സഹായിപ്പാൻ വേഗം വരേണമേ!” (സങ്കീർത്തനങ്ങൾ 71:12).

## ആർ?

“ആർ?” എന്നതാണ് നമ്മുടെ മൂന്നാമത്തെ ചോദ്യം: ആ ആഹ്വാനം ആരോടായിരുന്നു? “എന്റെ ജനത്തോട്” എന്നാണ് വേദഭാഗം പറയുന്നത്. ഇത് ക്രിസ്ത്യാനികളെ കുറിച്ചാണ് പറയുന്നതെന്ന് മിക്കപേരും സമ്മതിക്കും. ക്രിസ്ത്യാനികൾക്ക് എഴുതുമ്പോൾ, പത്രൊസ് പറഞ്ഞു, “നിങ്ങൾ ... തിര ഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയ പുരോഹിതവർഗവും വിശുദ്ധവംശവും സ്വന്തജനവുമാകുന്നു ... മുമ്പെ ജനമല്ലാത്തവർ. ഇപ്പോഴോ ദൈവത്തിന്റെ ജനം” (1 പത്രൊസ് 2:9, 10).

ഒരു സമയത്ത് റോമിൽ ധാരാളം ക്രിസ്ത്യാനികൾ താമസിച്ചിരുന്നു (റോമർ 16), അവർ “അനേക വർഷങ്ങളായി” ജീവിച്ചുവരുന്നവരായിരുന്നു (റോമർ 15:23). തീർച്ചയായും റോമിന്റെ മലിനത ലോകത്തിൽ വ്യാപിച്ചിരു ന്നു, ആകയാൽ “വിട്ടുപോരുവിൻ” എന്ന കല്പന റോമിലെ മാത്രമല്ല, എല്ലാ ക്രിസ്ത്യാനികൾക്കുമുള്ളതായിരുന്നു.

ഈ പട്ടണത്തിൽ “എനിക്ക് വളരെ ജനം ഉണ്ട്” എന്ന് പൗലൊസ് പ റഞ്ഞതുപോലെ (പ്രവൃത്തികൾ 18:10).[21] “എന്റെ ജനം” എന്നത് റോമിലെ സുവിശേഷത്തിന് തുറന്ന സമീപനമുള്ളവരെയാണ് എന്ന വ്യാഖ്യാനവുമുണ്ട്. ഹൃദയങ്ങളെ അറിയുന്ന ദൈവത്തിന് ആത്മാർത്ഥതയുള്ള നല്ല ഹൃദയങ്ങളെ അറിയാം (ലൂക്കൊസ് 8:15). ആകയാൽ പൗലൊസ് അവിടെ തുടർന്നു പ്രസം ഗിച്ചാൽ, അനേകം പേർ രക്ഷിക്കപ്പെടുമെന്ന് ദൈവത്തിന് അറിയാമായിരുന്നു. റോമിലെ ചിലരെ നേടുവാൻ കഴിയുമെന്ന് നല്ല ഹൃദയാ–ന്വേഷികൾക്ക് അറി യാമായിരുന്നു (1 ദിനവൃത്താന്തം 28:9) – അതുകൊണ്ട് അവന്റെ വാക്കുകൾ അവർക്കുള്ള ക്ഷണമായിരുന്നു.[22]

ആ വ്യാഖ്യാനം ഞാൻ ആദ്യം വായിച്ചപ്പോൾ, ആ ക്ഷണം വിശുദ്ധ ന്മാർക്കും പാപികൾക്കുമുള്ളതാണെന്നാണ് വിചാരിച്ചത്. പിന്നീട് ഞാൻ രണ്ടാമത് ഒന്നുകൂടെ ചിന്തിച്ചു: ആ ക്ഷണത്തെ ഞാൻ നിരന്തരമായ വി പുലപ്പെടുത്തുവാൻ തുടങ്ങി. എന്റെ മിക്ക പ്രസംഗങ്ങളുടേയും അവസാനം, ദൈവഭക്തിയുള്ള ജീവിതം നയിക്കുവാൻ ഞാൻ ക്രിസ്ത്യാനികളെ പ്രോ ൽസാഹിപ്പിക്കും (ആവശ്യമെങ്കിൽ കർത്താവിനോട് നിരന്നുകൊള്ളുവാനും പറയും). അതേ സമയം, അ–ക്രൈസ്തവരോട് വിശ്വസിച്ച്, മാനസാന്തരപ്പെട്ട്, സ്നാനമേറ്റ്, ക്രിസ്ത്യാനികളാകുവാനും പ്രബോധിപ്പിക്കും (റോമർ 10:9,

10; മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:37, 38). മറ്റൊരു വാക്കിൽ പറഞ്ഞാൽ, ക്രിസ്ത്യാനികളെയും, അ-ക്രൈസ്തവരെയും ലോകത്തിൽനിന്ന് "*വിട്ടു പോരുവാനും*," പിന്നെ ലോകത്തിൽനിന്നകന്ന് ജീവിക്കുവാനും ആവശ്യപ്പെടും.

നിങ്ങൾ ആരായാലും, *നിങ്ങളുടെ* ആത്മിയ നിലവാരം എന്തായാലും, വെളിപ്പാട് 18:4 *നിങ്ങളോടാണ്* സംസാരിക്കുന്നത്, "വിട്ടുപോരുക!"

## എപ്പോൾ?

അവർ *എപ്പോൾ* വിട്ടുപോരുവാനാണ് ദൈവം ആഗ്രഹിച്ചത്? എന്നതാണ് അവസാനത്തെ ചോദ്യം. തീർച്ചയുള്ള ഉത്തരം "ഉടനെ! ഇപ്പോൾ!" എന്നാണ്.

അദ്ധ്യായം 18 അത്യാവശ്യത്തെ ബോധ്യപ്പെടുത്തുകയാണ്: ഒന്നാം-നൂറ്റാണ്ടിലെ വായനക്കാരിൽ ചിലരെങ്കിലും "സാഹചര്യത്തിന്റെ പ്രത്യേകത മനസിലാക്കിയിരുന്നില്ല"[23] – എന്ന് ലിയോൺ മോറിസ് പറഞ്ഞത് ഒരുപക്ഷെ ശരിയായിരിക്കാം. ബാധകൾ വരുവാനിരിക്കുന്നത് "ഒരു ദിവസത്തിൽ തന്നെ" (വാ. 8). "ഒരു മണിക്കൂറിൽ" (വാ. 10) വിപത്ത് വരുമ്പോൾ, ഒരുങ്ങുവാൻ സമയമില്ല. ഒരുങ്ങുവാനുള്ള സമയം "ഇപ്പോൾ" ആകുന്നു.

"ഒരു ദിവസം" "ഒരു മണിക്കൂർ" എന്നിവ അക്ഷരികമായി എടുക്കരുത് – ആ വാക്കുകൾ റോമിന്റെ നാശം പെട്ടെന്നായിരിക്കും എന്നാണ് സൂചിപ്പിക്കുന്നത് – എന്നാൽ ജീവിതത്തെ മനസിലാക്കിയവർക്കറിയാം അപകടം വളരെ പെട്ടെന്നായിരിക്കും എന്ന് അറിയാം. വിപത്ത് ഒരു ദിവസം വരുമോ?[24] ജലപ്രളയത്താൽ ഒറ്റദിവസം കൊണ്ട് എല്ലാം നഷ്ടമായ മദ്ധ്യചൈനയിലുള്ളവരോട് ചോദിച്ചാൽ മതി. ആപത്ത് ഒരു മിനിറ്റിൽ വരുമോ? ഒരു ഭൂമികുലുക്കം നിമിത്തം വീടുകളും ആളുകളും നഷ്ട്ടപ്പെട്ടവരോട് ചോദിക്കുക. ആപത്ത് ഒരു *സെക്കന്റി*നുള്ളിൽ വരും. വളരെ കാലം മുൻപ് ഒരു ആപത്ത് സംഭവിച്ചത് വർത്തമാന പത്രത്തിൽ വരികയുണ്ടായി: ഒരു ലോറി ഡ്രൈവർ സിഗററ്റു കത്തിക്കുവാനായി "ഒരു സെക്കന്റ് നോട്ടം" തെറ്റിയപ്പോൾ അയാളുടെ വാഹനം റോഡരുകിൽ നിർത്തിയിട്ടിരുന്ന രണ്ട് വാഹനങ്ങളെ ഇടിക്കുകയും ഹൈവേയിൽ റോന്തുചുറ്റിയിരുന്ന ആളെ കൊല്ലുകയും ചെയ്തു.

അതു സത്യമാണെന്ന് നിങ്ങൾക്ക് അറിയാം: ആപത്ത് ഏതു സമയത്തും എവിടെയും വരാം. "നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അൽപ നേരത്തേക്ക് കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലൊ" (യാക്കൊബ് 4:14; കെജെവി). നിങ്ങൾക്ക് അനിഷ്ടസൂചന നൽകുവാനല്ല ഞാൻ ഇത് പറയുന്നത്, പിന്നെയോ, ഇപ്പോൾ ഒരുങ്ങുന്നതിനുവേണ്ടിയാണ്. "'ഇപ്പോൾ ആകുന്നു സുപ്രസാദകാലം', 'ഇപ്പോൾ ആകുന്നു രക്ഷാദിവസം'" (2 കൊരിന്ത്യർ 6:2). "ഇന്നു അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ, നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്" (എബ്രായർ 4:7). നിങ്ങൾക്ക് സ്നാനം വേണമെങ്കിൽ ഇപ്പോൾ ചെയ്യുക. നിങ്ങൾ ഒരു ദൈവപൈതലായിട്ട് തെറ്റിപ്പോയെങ്കിൽ യഥാസ്ഥാനപ്പെടേണ്ട സമയം ഇപ്പോഴാണ്. നിങ്ങൾ ഒരുങ്ങിയാൽ, "ഭാവിയിൽ നിങ്ങൾക്ക് പുഞ്ചിരിക്കാം" (സദൃശവാക്യങ്ങൾ 31:25 നോക്കുക).

## ഉപസംഹാരം

ദൈവത്തിന്റെ വചനങ്ങൾ ആയിരത്തിത്തൊള്ളായിരം വർഷങ്ങൾക്ക് മുൻപ് ആവശ്യവും യുക്തവുമായിരുന്നതുപോലെ – ഇന്നും പ്രയോജനമു

ള്ളതാണ്: “എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടുപോരുവിൻ” (വാ. 4, 5). ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെ റോം മോഹിപ്പിച്ചു, ഇന്നു ലോകം നമ്മെ വഴിതെറ്റിച്ചുകൊണ്ടാണിരിക്കുന്നത്. താഴെ കൊടുത്തിരിക്കുന്ന ഗാനത്തിന്റെ അർത്ഥം നമ്മിലുണ്ടാകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ,

എത്ര വിലയേറിയതായാലും ശരി,
ഉപയോഗത്താൽ നശിച്ചുപോകാത്ത നിക്ഷേപം ഭൂമിയിലില്ല; എന്നാലും
ഞാൻ ഒരു ദേശത്തേക്ക് പോകുന്നു;
*സ്വർഗത്തിൽ എനിക്ക് എല്ലാമുണ്ട്.*[25]

---

**പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ**

*പുതിയനിയമം പ്രഖ്യാപിച്ച്: വെളിപ്പാട് പുസ്തകത്തെ* കുറിച്ച് മെറിൽ സി. ടെനിയുടെ പാഠത്തിന്റെ തലവാചകം, “അവസാനത്തെ ക്ഷണം” “വിട്ടു പോരുവിൻ” എന്ന ആഹ്വാനവുമായാണ്. “ബാബിലോന്റെ വീഴ്ച്ച” എന്ന ടോമി സൗത്തിന്റെ പാഠത്തിൽ, “ബാബിലോന്റെ വീഴ്ച്ചയിൽനിന്നു നമുക്ക് എന്തെല്ലാം പാഠങ്ങളാണ് പഠിക്കുവാനുള്ളത്?” എന്ന ഭാഗം കൂടെ ഉൾപ്പെടുത്തിയിട്ടുണ്ട് (*ട്രൂത്ത് ഫോർ ടുഡേ,* ജാനുവരി 1989). അദ്ദേഹത്തിന്റെ പോയിന്റുകൾ ഭൂരിഭാഗവും “വിട്ടുപോരുവിൻ” എന്നതുമായി ബന്ധപ്പെട്ടാണിരിക്കുന്നത്.

---

കുറിപ്പുകൾ

[1]റോബർട്ട് മൗൺസ്, *ദ ബുക്ക് ഓഫ് റെവലേഷൻ,* ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 324. [2]ലിയോൺ മോറിസ്, *റെവലേഷൻ*, റെവ. എഡി., ദ ടിൻഡേൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 210. [3]ഈ ഖണ്ഡികയിലധികവും സമാന്തരപ്രയോഗം നടത്തിയിരിക്കുന്നത് ജിം മെക്ഗ്വിഗിന്റെ *ദ റെവലേഷൻ, ലുക്കിങ് ഇൻടു ദ ബൈബിൾ സീരീസ്* (ലബ്ബക്ക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബ്ലിക്കൽ റിസോഴ്സസ്, 1976), 266. [4]വില്യം ഹെൻഡ്രിക്സൺ, *മോർ ദാൻ കോൺകറേഴ്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 208. [5]വില്യം ബാർക്ലേ, *ദ റെവലേഷൻ ഓഫ് ജോൺ,* വാല്യം. 2, റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1976), 152. [6]ഇബിഡ്. [7]മെറിൽ സി. ടെനി, *പ്രൊക്ലെയിമിങ് ദ ന്യൂടെസ്റ്റമെന്റ്: ദ ബുക്ക് ഓഫ് റെവലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1963), 93. [8]“വിശുദ്ധന്മാർ” എന്ന വാക്ക് വെളിപ്പാടിൽ പതിമൂന്ന് പ്രാവശ്യം കാണാം. [9]“വിശുദ്ധൻ” എന്ന വാക്കിനെ കുറിച്ച് കൂടുതൽ അറിയുവാൻ, *വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ “കുഞ്ഞാട് യോഗ്യൻ” എന്ന പാഠത്തിലെ കുറിപ്പുകൾ നോക്കുക. [10]“ചർച്ച്” എന്ന വാക്ക് ഗ്രീക്കിൽ നിന്നു തർജിമ ചെയ്തിരിക്കുന്നത് ഒരു സംയുക്ത വാക്കായ *എക്ലേസ്യ* ആണ്, അത് “വിളിച്ച്” (*കലെയോ*) എന്നും, “വേർതിരിക്കുക” അല്ലെങ്കിൽ “വേർപെടുത്തുക” എന്നർത്ഥം വരുന്ന വാക്കും (*എക്*) യോജിപ്പിച്ചതാണ്.

[11]ടെനി, 91 ഇബി-92. [12]ഇബിഡ്., 93. [13]സിസിൽ എഫ്. അലെക്സാണ്ടർ, "ജീസസ് കാൾസ് അസ്" *സോങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയ്സ്*, എഡി., ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ: ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1996). (എംഫ സിസ് മൈൻ). [14]വാരെൻ ഡബ്ലിയു. വിയേഴ്സ്ബേയുടെ *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി*, വാല്യം 2-ൽ നിന്നെടുത്തതാണ് ഈ വാചകം (വീറ്റൺ. വിക്ടർ ബുക്സ്, 1989), 616. [15]ഈ ആഹ്വാനത്തെ യിരെമ്യാവ് 51:6, 45 മായി താരതമ്യം ചെയ്യുക. [16]മൈക്കിൾ വിൽക്കോക്ക്, *ഐ സാ ഹെവെൻ ഓപ്പന്റ്: ദ മെസേജ് ഓഫ് റെവലേഷൻ*, ദ ബൈബിൾ സ്പീക്സ് ടുഡേ സീരീസ് (ഡൗണേഴ്സ് ഗ്രോവ്, Ill. ഇന്റർ വാഴ്സിറ്റി പ്രസ്, 1975), 166. [17]മൗൺസ്, 324. [18]മോറിസ്, 209. [19]ഇബിഡ്., 210. [20]ഹെൻഡ്രിക്സൺ, 213.

[21]ചില എഴുത്തുകാർ ഇവിടെ ഹോശേയ 2:23 ഉപയോഗിക്കാറുണ്ട്, അവിടെ ദൈവം പറഞ്ഞത്, ജാതികളെ ("എന്റെ ജനമല്ലാതിരുന്നവരെ") ഒരിക്കൽ "എന്റെ ജനം" എന്നു വിളിക്കും എന്നാണ് (അത് റോമർ 9:25, 26 ലും 1 പത്രൊസ് 2:9, 10 ലും കാണാം). [22]പ്രവൃത്തികൾ 18:10-ൽ ദൈവം തന്റെ "ജനം" എന്നു പറഞ്ഞത്, അവർ വിശ്വാസവും അനുസരണവും കൂടാതെ രക്ഷിക്കപ്പെടും എന്ന് ധരിക്കരുത്. അപ്പോഴും അവർ രക്ഷക്കായി വചനം കേൾക്കുകയും വിശ്വസിക്കയും മാനസാന്തരപ്പെടുകയും സ്നാനം ഏൽക്കുകയും വേണം (പ്രവൃത്തികൾ 18:8). അതുപോലെ വെളിപ്പാടിൽ "എന്റെ ജനം" എന്നു പറഞ്ഞിരിക്കുന്നവരും, അവർ രക്ഷിക്കപ്പെടുവാൻ കർത്താവിനോട് പ്രതികരിക്കണം. [23]മോറിസ്, 210. [24]നിങ്ങളുടെ ശ്രോതാക്കൾക്ക് പ്രയോജനപ്പെടുന്ന ചിത്രീകരണം ഉപയോഗിക്കുക. അമേരിക്കയിൽ സ്റ്റോക്ക് മാർക്കറ്റിനോട് ബന്ധപ്പെട്ടതാണ് ("ബ്ലാക്ക് ഫ്രൈഡേ"), അത് ഒരു ചിത്രീകരണമായി ഉപയോഗിക്കാം. [25]ടിലിറ്റ് എസ്. ടെഡ്‌ലി, "ഹെവെൻ ഹോൾഡ്സ് ആൾ ടു മി" *സോങ്സ് ഓഫ് ഫെയ്ത്ത് ആന്റ് പ്രെയ്സ്,* എഡി., ആൾട്ടൻ. എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ. ലാ.: ഹോവാർഡ് പബ്ലിഷിങ് കമ്പനി., 1996).

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. ദൈവം തന്റെ ജനത്തോട് "വിട്ടുപോരുവാൻ" പറയുന്ന പാഠത്തിലെ ഉദാഹരണങ്ങൾ നൽകുക. നിങ്ങൾക്ക് മറ്റുദാഹരണമുണ്ടെങ്കിൽ പറയുക?
2. ദൈവജനത്തോട് "വിട്ടുപോരുവിൻ" എന്നു പറയുന്നത് ചിലപ്പോൾ അക്ഷരികമായി ചില സ്ഥലത്തുനിന്നു മാറിപ്പോകേണ്ടതല്ലേ? എപ്പോഴും അതാണോ അർത്ഥമാക്കുന്നത്?
3. 2 കൊരിന്ത്യർ 6:14–7:1 വരെയുള്ള ഭാഗത്ത് നമുക്ക് ഓരോരുത്തർക്കുമുള്ള വെല്ലുവിളി ചർച്ച ചെയ്യുക.
4. ദൈവജനം വേർപ്പെട്ട് മാറിയിരിക്കണം എന്നതിന് പാഠത്തിൽ പല വേദഭാഗങ്ങളും നൽകിയിരിക്കുന്നു. നിങ്ങൾക്ക് ഏതെങ്കിലും പറയുവാൻ കഴിയുമോ?
5. ലോകത്തിന് ഒരു ആകർഷണശക്തിയുണ്ട് – തല തിരിഞ്ഞതാണ് – എങ്കി ലും ആകർഷണം തന്നെയാണെന്ന് നിങ്ങൾ സമ്മതിക്കുമോ?
6. "ലോകം ഒഴിഞ്ഞുപോകും" എന്ന അറിവ് പരീക്ഷണത്തെ നേരിടു

വാൻ നമ്മെ സഹായിക്കുമോ?

7. "എന്റെ ജനം" എന്നതു ക്രിസ്ത്യാനികളെ മാത്രം ഉദ്ദേശിച്ചാണോ അതോ രക്ഷിക്കപ്പെടുവാനിരിക്കുന്ന ക്രിസ്ത്യാനികളെയുമാണോ ഉദ്ദേശിക്കുന്നത് (പ്രവൃത്തികൾ 18:10 ലേതുപോലെ)?
8. ഒരിക്കൽ സത്യം മനസിലാക്കിയാൽ നാം എത്ര വേഗം അനുസരിക്കണം?
9. ഏതു സമയവും ആപത്ത് വരുവാനിടയുള്ളതുകൊണ്ട് ഉടനെ അനുസരിക്കണമെന്നാണ് പാഠം പറയുന്നത്. അനുസരണം നീട്ടി വെക്കരുത് എന്നതിന് നിങ്ങൾക്ക് പറയാവുന്ന കാരണങ്ങൾ നൽകുക?